(ഡി) യു.എ.ഇ.യിൽ അവിദഗ്ദ്ധ മേഖലയിൽ തൊഴിൽ ലഭ്യത കുറയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ പരിഹാര നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര ഗവൺമെന്റിനോടും ഇന്ത്യൻ അംബാസഡറോടും അഭ്യർത്ഥിക്കുകയുണ്ടായി. ഗൾഫ് രാജ്യങ്ങളിൽ മാറിവരുന്ന തൊഴിൽ സാഹചര്യങ്ങൾക്കനുസൃതമായി കേരളീയരെ പ്രാപ്തമാക്കുന്നതിന് ഒരു പരിശീലന പദ്ധതി നടപ്പാക്കുന്ന കാര്യം പ്രവാസി കേരളീയ ക്ഷേമ ഏജൻസി പരിഗണിച്ചുവരുന്നു.

(ഇ) ഇല്ല

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

28 (*477) സിവിൽ സപ്ലൈസ് വകുപ്പും കോർപ്പറേഷനും പുനഃസംഘടിപ്പിക്കുവാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പും സിവിൽ സപ്ലൈസ് കോർപ്പറേഷനും സ്വതന്ത്രമാക്കി പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിഷനെ നിയമിച്ചിരുന്നുവോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ റിപ്പോർട്ടിലെ നിഗമനങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത് സംബന്ധിച്ച് പഠിക്കുന്നതിലേയ്ക്കായി ഒരു പുതിയ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഈ സമിതിയുടെ റിപ്പോർട്ട് എപ്പോൾ ലഭിക്കും എന്ന് വ്യക്തമാക്കുമോ;

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ജി) കോർപ്പറേഷന്റെ പർച്ചേസ് ഡിപ്പാർട്ടുമെന്റ് ശാസ്ത്രീയമായി പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി) ഇല്ല.

(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) റസീറ്റ് ഡിപ്പോകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി.

(2) താലൂക്ക് ഡിപ്പോകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടി.

(3) ഓഡിറ്റ് കുടിശിക ഒരു വർഷത്തിനകം തീർത്ത് കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി.

LIBRARY ARCHIVES Kerala Legislative Assembly

(4) സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്താനായി ക്വാളിറ്റി കൺട്രോൾ വിഭാഗം കൂടുതൽ ശക്തവും കാര്യക്ഷമവും ആക്കുക.

(5) കണക്കുകൾ എഴുതിത്തീർക്കുന്നതിൽ ഉള്ള കാലതാമസം ഒഴിവാക്കാൻ, ഇക്കാര്യത്തിൽ വൈദഗ്ദ്ധ്യവും പരിചയവും സിദ്ധിച്ച ഉദ്യോഗസ്ഥന്മാരെ നിയമിക്കൽ.

(6) സബ്സിഡി ഇല്ലാത്തതും എളുപ്പം വിറ്റഴിയുന്നതുമായ മാവേലിയിതര സാധനങ്ങളുടെ (ശബരി തേയില, കാപ്പി, ഡിറ്റർജന്റ്, സോപ്പ്, കറിപൗഡറുകൾ തുടങ്ങിയവ) വിൽപ്പന കൂടുതൽ വിപുലമാക്കാനുള്ള നടപടി.

(7) മാവേലിസ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുവാനുള്ള നടപടി.

(8) എല്ലാ മാവേലിസ്റ്റോറുകളിലും ബില്ലിംഗ് മെഷീനുകൾ സ്ഥാപിക്കൽ.

(9) ജീവനക്കാർക്കുള്ള പരീശീലന പരിപാടി.

(ജി) കോർപ്പറേഷന്റെ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം ഇപ്പോൾതന്നെ ശാസ്ത്രീയമായ രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. പർച്ചേസ് സംബന്ധമായി, തുടക്കം മുതൽ പണം നൽകുന്നത് വരെയുള്ള പ്രവർത്തനങ്ങളെല്ലാം കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. ഇതുമൂലം പ്രവർത്തനം കൂടുതൽ കാര്യക്ഷമതയോടും സുതാര്യമായും നടത്തുവാൻ സാധിക്കുന്നുണ്ട്.

29 (*478) വല്ലാർപ്പാടത്ത് കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടത്ത് നടപ്പാക്കുവാൻ തീരുമാനിച്ചിരിക്കുന്ന കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതി നടപ്പാക്കാത്തപക്ഷം കൊച്ചി തുറമുഖത്തിന്റെ നിലനിൽപ്പിന് ഭീഷണി ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)(ബി)&(സി) ഇത് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കീഴിൽ വരുന്നതാണ്. ഇവിടെ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

30 (*479) കള്ളനോട്ടിന്റെ പ്രചാരം തടയാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ :

LIBRARY ARCHIVES Kerala Legislative Assembly